**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4111** **28-10-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ താഴെ പ്പറയുന്നവയാണ്. 1. കേരള സർവീസ് ചട്ടങ്ങൾ വാല്യം ഒന്ന് 2. കേരള സർവീസ് ചട്ടങ്ങൾ വാല്യം രണ്ട് 3. കേരള ധനകാര്യ കോഡ് വാല്യം ഒന്ന് 4. കേരള ധനകാര്യ കോഡ് വാല്യം രണ്ട് 5. കേരള ട്രഷറി കോഡ് വാല്യം ഒന്ന് 6. കേരള ട്രഷറി കോഡ് വാല്യം രണ്ട് 7. കേരള ബഡ്ജറ്റ് മാനുവൽ 8. കേരള അക്കൗണ്ട് കോഡ് വാല്യം ഒന്ന് 9. കേരള അക്കൗണ്ട് കോഡ് വാല്യം രണ്ട് 10. കേരള അക്കൗണ്ട് കോഡ് വാല്യം മൂന്ന് 11. കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് 12. ബുക്ക് ഓഫ് ഫോംസ് നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ട്. ധനകാര്യ വകുപ്പിന് കീഴിലെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) അതിന്റെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ പുരോഗതിയും സംബന്ധിക്കുന്ന വിവരങ്ങൾ ജനങ്ങളിലേയ്ക്കും ജനപ്രതിനിധി കളിലേയ്ക്കും എത്തിക്കുന്നതിന്റെ ഭാഗമായി ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ 2019 ലും 2020 ലും വകുപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുന്ന കോഫീടേബിൾ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കും നോട്ടീസുകൾക്കും പത്രപരസ്യങ്ങൾക്കും ക്ഷണക്കത്ത്, ആശംസാകാർഡ് എന്നിവയ്ക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്ര വീതമാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സിൽ നിന്നുമാണ് അച്ചടിച്ചു വിതരണം ചെയ്യുന്നത്. വിവിധ ട്രഷറികൾക്കായി നിർമ്മിച്ച 12 പുതിയ കെട്ടിടങ്ങളുടെ ഉത്ഘാടനവുമായി ബന്ധപ്പെട്ട് നോട്ടീസ് അച്ചടിക്കുന്നതിനു 11,490/-രൂപ ട്രഷറി വകുപ്പിന് ചിലവായിട്ടുണ്ട്.<br>ധനകാര്യ(ഇൻഫ്രാസ്ട്രക്ചർ)വകുപ്പ്- പ്രസിദ്ധീകര ണങ്ങൾക്കായി സർക്കാർ ഖജനാവിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ധനകാര്യ വകുപ്പിന് കീഴിലെ ദേശീയ സമ്പാദ്യ വകുപ്പിൽ പത്ര പരസ്യങ്ങൾക്കായി ചുവടെ ചേർത്തിരിക്കുന്ന തുക |

| | | | |
|---|---|---|---|
| | | | ചെലവഴിച്ചിട്ടുണ്ട്. 1). സാമ്പത്തിക വർഷം 2020-21 =3,56,626/- രൂപ 2).സാമ്പത്തിക വർഷം 2019-20 =5,50,478/-രൂപ 3)..സാമ്പത്തിക വർഷം 2018-19 =3,03,094/-രൂപ 4).സാമ്പത്തിക വർഷം 2017-18 =10,55,736/-രൂപ 5).സാമ്പത്തിക വർഷം 2016-17 =3,44,630/-രൂപ ആകെ=26,10,564/- |
| (സി) | പ്രസ്തുത കാലയളവിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റു പ്രചരണ പരിപാടികൾക്കുമായി ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | ധനകാര്യ വകുപ്പിൽ ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാ രിന്റെ കാലയളവിൽ കിഫ്ബി 70,40,24,809.73/- രൂപ പരസ്യപ്രചരണത്തിനായി ചെലവാക്കി യിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്തൊട്ടാകെ മലയാള ഭാഷാ വാരാചരണവുമായി ബന്ധപ്പെട്ട് 4,09,039/-രൂപയും മറ്റ് പൊതു പരിപാടികൾക്കായി 1,02,714/- രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ട്രഷറി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് - നിലവിൽ 64338.73 കോടി രൂപയുടെ 918 പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയ ഒരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിക്ക് ആശ്രയിക്കേണ്ടിവരുന്നുണ്ട്. മികച്ച പലിശ നിരക്കിൽ വലിയ വായ്പകൾ ഉറപ്പുവരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ പിൻതുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവച്ച് പൊതുജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധ പൂർവ്വമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപക രിലേക്കും കൂടുതൽ ജനങ്ങളിലേക്കും എത്തി ക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനുമായുമുള്ള കർമ്മപദ്ധതികൾ കിഫ്ബിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തര ത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്കായി നാളിതു വരെ 14.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ